# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5317 | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**കണ്ണങ്ങാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലംമുതൽ ശ്രീകൃഷ്ണ ടെമ്പിൾ വരെയുള്ള റോഡിന്റെ അലൈൻമെന്റ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | എറണാകുളം ജില്ലയിലെ പണിപൂർത്തീകരിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതുമായ കണ്ണങ്ങാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന് സമീപത്ത് നിന്നും ആരംഭിച്ച് ശ്രീകൃഷ്ണ ടെമ്പിൽ റോഡ് വരെയുള്ള റോഡിന്റെ അലൈൻമെന്റിന് ജൻറം പദ്ധതിപ്രകാരമോ മറ്റേതെങ്കിലും പദ്ധതിയിലോ കൊച്ചി നഗരസഭ അംഗീകാരം നൽകിയിട്ടുണ്ടോ; | (എ) | കൊച്ചി നഗരസഭയിൽ നിന്നും റിപ്പോർട്ട് ചെയ്തത് അനുസരിച്ച് ജൻറം പദ്ധതിയിൽ ഈ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നെങ്കിലും കാലാവധിക്കുള്ളിൽ നടപ്പിലാക്കുവാൻ സാധിക്കാതിരുന്നതിനാൽ പ്രസ്തുത പദ്ധതി നഗരസഭ ഉപേക്ഷിച്ചിട്ടുള്ളതാണ്. |
| (ബി) | ഈ റോഡിന്റെ നിർമ്മാണത്തിന് കൊച്ചി നഗരസഭയുടെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വകയിരുത്തിയിട്ടുള്ള തുക എത്ര; | (ബി) | തുക വകയിരുത്തിയിട്ടില്ല. |
| (സി) | ഈ പദ്ധതി നഗരസഭയുടെ ഏതെങ്കിലും വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷത്തെ എന്ന കാര്യം വ്യക്തമാക്കാമോ; | (സി) | പ്രഖ്യാപിച്ചിട്ടില്ല. |
| (ഡി) | അംഗീകാരം നൽകിയ അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | അലൈൻമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ പദ്ധതി ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

ALINGNMENT SKETCH OF AD FEET ROAD TO 22M ROAD AT EDAKOCHI VILLAGE

